(എ) തിരുവനന്തപുരത്ത് തൈക്കാട് കുട്ടികളുടെയും സ്ത്രീകളുടെയും ആശുപത്രിയിൽ പുതിയ വാർഡ് മന്ദിരം നിർമ്മിക്കുന്നുണ്ടോ ;

(ബി) കരാർപ്രകാരം എത്ര കാലത്തിനുള്ളിലാണ് പ്രസ്തുത മന്ദിരം പൂർത്തിയാക്കേണ്ടത് ;

(സി) നിർമ്മാണം തുടങ്ങി വർഷങ്ങളായിട്ടും ഇത് പൂർത്തിയാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) അടിയന്തിരമായി ഈ മന്ദിരം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരാർ പ്രകാരം 1996 മാർച്ചിൽ തുടങ്ങി പതിനെട്ടുമാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതായിരുന്നു.

(സി) ആവശ്യമായ തുക ലഭ്യമാകാത്തതിനാൽ പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

(ഡി) ആവശ്യമായ തുക ലഭ്യമാകുന്ന മുറയ്ക്ക് പണി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കായംകുളം സർക്കാർ ആശുപത്രിയിൽ കായംകുളം നഗരസഭയുടെ മുതൽമുടക്ക്

209 (211) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996 ഏപ്രിൽ 1 മുതൽ 2001 ഫെബ്രുവരി 18 വരെ കായംകുളം സർക്കാർ ആശുപത്രിയിൽ കായംകുളം നഗരസഭ മുടക്കിയിട്ടുള്ള തുകകളും അതുവഴി സ്ഥാപിച്ച സംവിധാനങ്ങളും സംബന്ധിച്ച് ഇനംതിരിച്ച് വിശദമാക്കുമോ ;

(ബി) ഇതേകാലത്ത് സർക്കാർ നേരിട്ട് ഈ സർക്കാർ ആശുപത്രിയിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളും അതിനായി ചെലവഴിച്ച തുകകളും സംബന്ധിച്ച് ഇനംതിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) വിശദവിവരം താഴെ കൊടുക്കുന്നു.

1.	വാർഡുകളിലേയ്ക്കുള്ള റോഡ് നിർമ്മാണം	3,40,822
2.	ഫ്രീസർ മുറിയുടെ നിർമ്മാണ തുക	78,009
3.	കംഫർട്സ്റ്റേഷൻ നിർമ്മിച്ച തുക	1,36,489
4.	കോംപൗണ്ട്വാൾ നിർമ്മാണവും അതിന്റെ അറ്റകുറ്റപ്പണിയും	1,32,592

LIBRARY ARCHIVES Kerala Legislative Assembly

5.	മെറ്റേർണിറ്റി വാർഡിന്റെ അറ്റകുറ്റപ്പണി	2,95,735
6.	ഒ.പി. ബ്ലോക് അറ്റകുറ്റപ്പണിക്കുവേണ്ടി ചെലവാക്കിയ തുക.	25,244
7.	ബേറിയം വേപ്പർ ലൈറ്റ് സ്ഥാപിച്ചതിന്	13,950
	ആകെ	10,22,841

(ബി) വിശദവിവരം താഴെ കൊടുക്കുന്നു. 100 കിടക്കകളുള്ള വാർഡിന്റെ പണിക്കായി ചെലവഴിച്ച തുക.

1996 - 97	10,86,346
1997 - 98	12,31,359
1998 - 99	11,73,610
1999 - 2000	ഇല്ല
2000 - 2001	ഇല്ല
ആകെ	34,91,315

ഉപകരണങ്ങൾക്കായി ചെലവഴിച്ച തുക

1.	അൾട്രാസൗണ്ട് സ്കാനർ	5,15,000
2.	ഇ.സി.ജി. മെഷീൻ	17,853
3.	വെന്റിലേറ്റർ	1,32,000
4.	സർജിക്കൽ ഡയാതെർമി	33,000
5.	നിയോനാറ്റൽറിയോഡിയേഷൻ യൂണിറ്റ്	79,400
6.	അനസ്തേഷ്യ ഉപകരണം	1,38,462
7.	സക്ഷൻ അപ്പാരറ്റ്സ്	7,716
	ആകെ	9,23,431
	ആകെ ചെലവഴിച്ച തുക	44,14,746

കിളിമാനൂർ പഞ്ചായത്തുകളിലെ പ്രാഥമിക കേന്ദ്രങ്ങളുടെ വികസനം

210 (212) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2001 ജനുവി 31 വരെ കിളിമാനൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പഴയകുന്നുമ്മേൽ, പുളിമാത്ത്, കിളിമാനൂർ, മടവൂർ, പള്ളിക്കൽ, നാവായിക്കുളം, കരവാരം, മുദാക്കൽ എന്നീ പഞ്ചായത്തുകളിലായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയതിലേയ്ക്കുവേണ്ടി എത്ര തുക ചെലവാക്കുമെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly